## ഭൗതിക നേട്ടങ്ങൾ

എംഎൽഎ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് ഒരുങ്ങുന്ന 3 ക്ലാസ് മുറികൾ ഉള്ള ഇരുനില കെട്ടിടം പണി നടന്നു കൊണ്ടിരിക്കുന്നു . വർണ്ണ കൂടാരം (സ്റ്റാർസ് പദ്ധതി ) എന്നിവയാൽ സമർത്ഥമാണ് നമ്മുടെ വിദ്യാലയം . തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നീ ബോധനമാധ്യമങ്ങളിലായി പ്രീ പ്രൈമറി ,എൽ പി വിഭാഗങ്ങളിൽ 130 വിദ്യാർത്ഥികൾ പ്രഥമ അധ്യാപിക ഉൾപ്പെടെ 5 സ്ഥിര അധ്യാപകർ, ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മൂന്ന് അധ്യാപകർ ഉൾപ്പെടെ 8 അധ്യാപകർ ഒരു പിടിസിയം ,ഒരു പ്രീ പ്രൈമറി അധ്യാപിക ഫോണോറിയം ലഭിക്കാത്ത ആയ, അധ്യാപിക,,ഒരു പാചക തൊഴിലാളി , ഒരു സഹായി എന്നിവർ ഒത്തൊരുമയോടെ മികവിന്റെ തേർ തെളിക്കുന്നു .

## പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ

- ഓരോ ക്ലാസിലും ഉള്ള പഠനനേട്ടങ്ങൾ നൽകിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തൽ .
- സമയബന്ധിത പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ഉന്നത നിലവാരത്തിൽ എത്തിക്കുക.
- പഠനത്തിനും വികാസത്തിനും എല്ലാ കുട്ടികൾക്കും തുല്യ അവസരങ്ങൾ ഒരുക്കുക .
- മികച്ച മാനസിക ശാരീരിക വൈകാരിക ആരോഗ്യം ഉറപ്പുവരുത്തുക .
- മികച്ച പഠന അനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തുക .
- വിദ്യാലയ പ്രവർത്തനങ്ങൾക്ക് ജനകീയ സംവിധാനങ്ങളുടെ പിന്തുണ ഉറപ്പുവരുത്തുക .
- വികസന മേഖലകൾക്ക് ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ വഴി ഭാഷാ വികാസം , വൈജ്ഞാനിക വികാസം ,ശാരീരിക -ചാലക വികാസം , സർക്കാത്മിക വികാസം,സാമൂഹിക വൈകാരിക വികാസം എന്നിവ ഉറപ്പുവരുത്തുക.

## 2025-2026 അധ്യാന വർഷത്തിൽ സ്കൂൾ ഏറ്റെടുത്ത് തനത് പ്രവർത്തനം

### ആമുഖം

മാധ്യമങ്ങളുടെ അതിപ്രസരണം മുതിർന്നവരിലും കുട്ടികളിലും പത്ര വായനാശീലവും, പൊതുവിജ്ഞാനവും കുറഞ്ഞുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ആണല്ലോ നാം എത്തിനിൽക്കുന്നത് . കുട്ടികളുടെ പത്ര വായനാശീലം വളർത്തുക എന്നതോടൊപ്പം പൊതുവിജ്ഞാനത്തിൽ അറിവ് നേടി മത്സര പരീക്ഷകളിലും മറ്റും ഉന്നത വിജയം നേടുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് ഞങ്ങൾ ഈ വർഷം ഏറ്റെടുക്കുന്ന പ്രവർത്തനമാണ് ''വിജ്ഞാനദീപം ''.

**പ്രവർത്തന ലക്ഷ്യങ്ങൾ**

- പത്രവാനയിൽ താല്പര്യവും ജനിപ്പിക്കുക .
- പൊതുവിജ്ഞാനത്തിൽ അറിവ് നേടുക .
- വായനാശീലം വർദ്ധിപ്പിക്കുക .
- പൊതുകാര്യങ്ങളിൽ താല്പര്യ ജനിപ്പിക്കുക .
- മത്സര പരീക്ഷകളിൽ ഉന്നത വിജയം കൈവരിക്കുക.
- സ്വതന്ത്ര വായന പ്രോത്സാഹിപ്പിക്കുക .
- ചിന്തകൾ വളരാൻ ചുറ്റുപാടുകൾ ഒരുക്കുക .ചിലപ്പോൾ .
- പത്രവായന പ്രോത്സാഹിപ്പിക്കുക വഴി അക്ഷരസ്ഫുടത , ശബ്ദ വ്യതിയാനം എന്നിവയോട് കൂടിയ വായന പ്രോത്സാഹിപ്പിക്കുക .

**അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹരണ പദ്ധതി - 2025-2026**
**ഗവ.എൽ.പി.എസ് അയിങ്കാമം**

വിഭാഗം : എൽ.പി

വിഷയം :ഭാഷ

പ്രവർത്തന പരിപാടിയുടെ പേര് : ''വിജ്ഞാനദീപം ''

മേഖല :ഭാഷാനൈ പുണ്യം

**പ്രതീക്ഷിത നേട്ടങ്ങൾ**

- കുട്ടികളുടെ വായനാപരമായ കഴിവ് വികസിപ്പിക്കുക .
- പത്രവായനയിൽ താല്പര്യ വർദ്ധിപ്പിക്കുന്നതിന് .
- പൊതുവിജ്ഞാനത്തിൽ അറിവ് നേടുന്നതിന് .
- മത്സരപരീക്ഷകളിലും മറ്റും ഉന്നത വിജയം നേടുന്നതിന് .
- തെറ്റുകുടാതെയും , ആശയ ഗ്രഹണത്തോടും വായിക്കുന്നതിനുള്ള കഴിവ് വർധിപ്പിക്കൽ .

**അവസ്ഥ പഠനം**

സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന മേഖലയിലാണ് ഗവ.എൽ.പി.എസ് അയിങ്കാമം സ്ഥിതിചെയ്യുന്നത് .

പത്രവായന ശീലമില്ലാത്ത വീടുകളിൽ നിന്നും വരുന്ന കുട്ടികളായതിനാൽ പൊതുവിജ്ഞാനത്തിൽ വളരെ പിന്നോക്ക അവസ്ഥയിലാണ്. ആയതിനാൽ മത്സര പരീക്ഷകളിലും മറ്റും ഉന്നത വിജയം നേടാൻ സാധിക്കുന്നില്ല . പൊതുകാര്യങ്ങളെ കുറിച്ചും വ്യക്തമായ ധാരണയില്ല .

| ക്രമനമ്പർ | പ്രവർത്തന പരിപാടിയുടെ പേര് | പ്രവർത്തന ഘട്ടങ്ങൾ | നിർവഹരണ കാലയളവ് | പ്രതീക്ഷിത നേട്ടം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വിജ്ഞാനദീപം | ഘട്ടം : 1<br><br>നിർവഹരണം പദ്ധതി ഉദ്ഘാടനം | ജൂൺ - മാർച്ച് | |
| | | ഘട്ടം : 2<br><br>രക്ഷകർത്യ ബോധവൽക്കരണം സ്കൂൾ ഒരു യൂണിറ്റായി എടുത്ത് ഈ പ്രവർത്തനം നടത്തുന്നു. ക്ലാസ് സ്ഥലത്തിൽ അധ്യാപകർ പദ്ധതി നടപ്പിലാക്കുന്നു. ഓരോ കുട്ടിക്കും പ്രാധാന്യം നൽകി പ്രത്യേകം ശ്രദ്ധിക്കുന്നു | | പത്ര വായനയിൽ കുട്ടികൾക്ക് താല്പര്യ ജനിക്കുന്നതിന് |
| | | ഘട്ടം : 3<br><br>വിവിധ പത്രങ്ങൾ വായിക്കുന്നതിന് പ്രോത്സാഹനം നൽകുന്നു | | ആശയഗ്രഹണത്തോടെ കൂടി വായിക്കുന്നു |
| | | ഘട്ടം : 4<br><br>ഈ പ്രവർത്തന പരിപാടിയുടെ നിരന്തര മൂല്യനിർണയം (ക്വിസ് ആഴ്ചയിൽ )നടത്തുന്നു | | |
| | | ഘട്ടം : 5 | | ക്വിസ് മത്സരത്തിൽ കുട്ടികൾ മികച്ച നേട്ടം |

| | | | | |
|---|---|---|---|---|
| | | ഓരോ ക്ലാസിലെയും എല്ലാ കുട്ടികളും ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നുണ്ടോ ? കുട്ടികൾക്ക് ലഭിക്കുന്ന സ്കോർ എന്നിവ SRG ,CPTA എന്നിവയിൽ പങ്കുവെക്കുന്നു , ചർച്ച ചെയ്യുന്നു | | കൈവരിക്കുന്നു |
| | | ഘട്ടം : 6<br><br>എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു | | തിളക്കമാർന്ന വിജയം നേടുന്നു |
| | | ഘട്ടം : 7<br><br>മത്സര പരീക്ഷകളിലും മറ്റും ഉന്നത വിജയം കൈവരിക്കുന്നു | | മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടുന്നു |